ജസ്റ്റിസ് പ്രേമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്

253 (593) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാഗ്യക്കുറി മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് നിശ്ചയിച്ച ജസ്റ്റിസ് പ്രേമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) കമ്മീഷൻ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) കമ്മീഷൻ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ താഴെചേർക്കുന്നു:

1. ഏജന്റുമാർ തമ്മിൽ ടിക്കറ്റ് പരസ്പരം കൈമാറി കമ്മീഷൻ തിരിമറി നടത്തുന്നത് തടയുന്നതിനായി, ഏജന്റുമാർക്ക് നൽകുന്ന ടിക്കറ്റുകൾ എങ്ങിനെയാണ് കൈകാര്യം ചെയ്യുന്നതെന്ന് പരിശോധിക്കുന്നതിനും എന്തെങ്കിലും ക്രമക്കേടുകൾ കണ്ടാൽ നടപടി സ്വീകരിക്കാനുമുള്ള അധികാരം ജില്ലാ ഭാഗ്യക്കുറി ഓഫീസർമാർക്ക് നൽകുക.

2. ഓഫീസുകളിൽ ആവശ്യത്തിന് ജീവനക്കാരെയും, കമ്പ്യൂട്ടർ, കൗണ്ടിംഗ് മെഷീൻ തുടങ്ങിയ ഉപകരണങ്ങളും അനുവദിക്കുക. ഓഫീസുകളിൽ വിദഗ്ദ അംഗങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ഓഡിറ്റ് നടത്തുക.

3. അനധികൃത ലോട്ടറികളുടെ വിൽപ്പന കേരളത്തിൽ തടയുന്നതിനായി പ്രവർത്തിക്കുന്ന മോണിറ്ററിംഗ് സെൽ ശക്തിപ്പെടുത്തുന്നതിനും അനധികൃത ലോട്ടറികൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് നിയമ നിർമ്മാണം നടത്തുകയും ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

4. ടിക്കറ്റുകളുടെ അച്ചടിയിൽ ഉണ്ടാകുന്ന പിശകുകൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ പ്രസ്സുകളിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തി ടിക്കറ്റിന്റെ അച്ചടി നടത്തുക.

5. അനധികൃത ലോട്ടറികളുടെ വിൽപ്പന ശ്രദ്ധയിൽപ്പെട്ടാൽ അധികൃതരെ അറിയിക്കുന്നതിനായി പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകുക.

(സി) കമ്മീഷൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഭാഗ്യക്കുറി വകുപ്പ് ഡയറക്ടറുടെയും, വാണിജ്യ നികുതി വകുപ്പ് കമ്മീഷണറുടെയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ, നടപടികൾ സംബന്ധിച്ച് സർക്കാർ പരിശോധിച്ചു വരികയാണ്.

(ഡി) കമ്മീഷൻ റിപ്പോർട്ട് സർക്കാർ ഭാഗ്യക്കുറി വകുപ്പ് ഡയറക്ടറുടെയും വാണിജ്യനികുതി കമ്മീഷണറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചുവരികയാണ്. റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

മങ്കടയിൽ കെ.എസ്.എഫ്.ഇ.യുടെ ബ്രാഞ്ച്

254 (594) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മങ്കടയിൽ കെ.എസ്.എഫ്.ഇ. യുടെ ബ്രാഞ്ച് ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മങ്കടയിൽ കെ.എസ്.എഫ്.ഇ ബ്രാഞ്ച് ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്

(ബി) ബ്രാഞ്ച് ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly